ഉത്തരം

(എ ആന്റ് ബി) കൂടൽക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2005 മേയ് 31-ന് പൂർത്തീകരിക്കാൻ കഴിയും. കൊന്നിലേതി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് 6 ലക്ഷം രൂപ ഒ.വൈ.ഇ.സി. ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ടതായിട്ടുണ്ട്. അതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു. ഇലക്ട്രിക് കണക്ഷൻ ലഭിച്ചാൽ രണ്ടാഴ്ചയ്ക്കുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും.

എളേരി കുടിവെള്ള പദ്ധതി

83 [270] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എളേരി ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതിക്കായി എൽ.ഐ.സി.-യുടെ വായ്പ എത്രയാണെന്നും സർക്കാർ വിഹിതം എത്രയാണെന്നും അറിയിക്കാമോ;

(ബി) ഇതേവരെ ഈ പ്രവൃത്തിക്കായി എൽ.ഐ.സി.-യിൽ നിന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്നും സർക്കാർ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രവൃത്തികൾ പൂർണ്ണമായും പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ എപ്പോൾ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ഭാഗീകമായി പൂർത്തിയാക്കി ആദ്യഘട്ടം കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തുകയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) എൽ.ഐ.സി. വായ്പ 362.40 ലക്ഷം രൂപയും സർക്കാർ വിഹിതം 418.60 ലക്ഷം രൂപയും ആണ്.

(ബി) എൽ.ഐ.സി.-യിൽ നിന്നും 204.16 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിക്കായി ഇതേവരെ 11.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പദ്ധതി പ്രവൃത്തികൾ പൂർത്തിയാക്കി 2006 ഡിസംബറോടുകൂടി കമ്മീഷൻ ചെയ്യുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇത് ഭാഗീകമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ സാധിക്കുന്ന തരത്തിലുള്ള പദ്ധതിയല്ല.

LIBRARY ARCHIVES Kerala Legislative Assembly